# 'നീര'യെ പ്രോൽസാഹിപ്പിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: പുതിയ മദ്യനയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് 'നീര'യുടെ ഉൽപാദനവും വിപണനവും സർക്കാർ പ്രോൽസാഹിപ്പിക്കണമെന്ന് ഹൈക്കോടതി. ഇക്കാര്യത്തിൽ അയൽ സംസ്ഥാനമായ തമിഴ്നാടിനെ മാതൃകയാക്കാവുന്നതാണെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് അഭിപ്രായപ്പെട്ടു.

ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ട് അഡ്വ. ബേസിൽ അട്ടിപ്പേറ്റി സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് കോടതി നിരീക്ഷണം. മദ്യനയം വിശദീകരിച്ച് പത്രിക സമർപ്പിക്കാൻ കോടതി സർക്കാരിന് നിർദ്ദേശം നൽകി.